**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6230** **17-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മുന്നേറ്റത്തിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ മുന്നേറ്റമുണ്ടാക്കുന്നതിനും സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപറേഷനുകളിലും ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതാത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകർക്ക് നേരിട്ടുള്ള വിൽപനയ്ക്ക് സഹായിക്കുന്ന വിപണന വേദി ഒരുക്കുന്നു. ഇതിൽ 11 സംഘങ്ങൾക്കായി 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br><br>140 നിയോജകമണ്ഡലങ്ങളിലും ഓരോ മത്സ്യഫെഡ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള സർക്കാർതല തീരുമാനപ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന മത്സ്യഫെഡിന്റെ സഹകരണത്തോടെ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 15 നിയോജക മണ്ഡലങ്ങളിലായി 18 ഔട്ട്.ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ